**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6386** **20-03-2023 - ൽ മറുപടിയ്ക്ക്**

**വന നശീകരണം തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | അഖിലേന്ത്യ സർവേ പ്രകാരം സംസ്ഥാനത്തിന്റെ വന വിസ്തൃതി കുറഞ്ഞുവരുന്നതായ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br>കേന്ദ്ര സർക്കാർ പ്രസിദ്ധീകരിച്ച റിപ്പോർട്ടുകൾ പ്രകാരമുള്ള 2017, 2019, 2021 എന്നീ വർഷങ്ങളിലെ വനവിസ്തൃതി താഴെ ചേർക്കുന്നു.<br>2017- 11309 ചതുരശ്ര മീറ്റർ<br>2019- 11309 ചതുരശ്ര മീറ്റർ<br>2021- 11522 ചതുരശ്ര മീറ്റർ |
| (ബി) | വന നശീകരണവും കയ്യേറ്റങ്ങളും തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കുമോ; | (ബി) | വനം കയ്യേറ്റം തടയുന്നതിനായി സർവ്വെ ടീമിന്റെ സഹായത്തോടെ കയ്യേറ്റങ്ങൾ കണ്ടെത്തി വനാതിർത്തി പുനർ നിർണ്ണയിച്ച് സ്ഥിരം ജണ്ടകൾ സ്ഥാപിച്ച് വനഭൂമി തിരിച്ചു പിടിക്കുന്നതിനും ആയത് ഒഴിപ്പിക്കുന്നതിനുമുള്ള നിയമാനുസൃത നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. കൂടാതെ കാട്ടുതീ മൂലമുള്ള വനനശീകരണം തയടുന്നതിനായി വേനൽ ആരംഭത്തിൽ തന്നെ ഫയർലൈൻ നിർമ്മിക്കുന്നതിനുള്ള നടപടികൾ എടുക്കുക, കൺട്രോൾഡ് ബേണിംഗ്, ബയോമാസ് റിമൂവൽ, ഫയർ വാച്ചർമാരെ നിയോഗിക്കൽ, ഫയർ ഗ്യാങ്ങ് ഉണ്ടാക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്. വനനശീകരണം തയടുന്നതിനായി ജനങ്ങളിൽ ബോധവൽക്കരണം നടത്തുക. വനത്തിൽ രാത്രിയും പകലും ഫീൽഡ് വിഭാഗം ജീവനക്കാരും വാച്ചർമാരും ഊർജ്ജിതമായ പട്രോളിംഗ്, ക്യാമ്പിംഗ് റെയ്ഡുകൾ എന്നീ നടപടികളും സ്വീകരിച്ചു വരുന്നുണ്ട്. വനം കുറ്റകൃത്യങ്ങൾ കണ്ടെത്തുന്ന മുറയ്ക്ക് യഥാസമയം നിയമാനുസൃത തുടർ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (സി) | കാട്ടുതീ തടയുവാനുള്ള ഫയർലൈൻ തെളിക്കുന്ന | (സി) | കാട്ടുതീ തടയുന്നതിനായി വനമേഖലകളിൽ |

| | | | |
|---|---|---|---|
| | നടപടികൾ ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | | ഫയർലൈൻ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ